## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 541** **21-03-2023 - ൽ മറുപടിയ്ക്ക്**

## തുറമുഖങ്ങളുടെ സമഗ്ര വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുകടത്തിൽ പ്രധാന പങ്കുള്ള ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; | (എ) | ലക്ഷദ്വീപിലേയ്ക്ക് ഇന്ധനമടക്കമുള്ള പ്രധാന ചരക്കുകളെല്ലാം ബേപ്പൂർ തുറമുഖത്തു നിന്നാണ് കയറ്റി അയച്ചിരുന്നത്. തുടർന്ന് ലക്ഷദ്വീപ് ഭരണകൂടം ആവശ്യപ്പെട്ടതു പ്രകാരം ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ബേപ്പൂരിൽ ഒരു ബർത്ത് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് അവരുമായി കരാറിലേർപ്പെടുകയുണ്ടായി. എന്നാൽ MoU ഒപ്പുവച്ചെങ്കിലും ബർത്ത് നിർമ്മാണത്തിൽ നിന്ന് ലക്ഷദ്വീപ് ഭരണകൂടം പിന്നോട്ടുപോയി. മാത്രമല്ല, ഇപ്പോൾ രാഷ്ട്രീയവും മറ്റുമുള്ള ചില കാരണങ്ങളാൽ ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം വളരെ കുറഞ്ഞിട്ടുണ്ട്. എന്നാലും ദ്വീപസമൂഹത്തോട് ഏറ്റവും അടുത്തുള്ള തുറമുഖം എന്ന നിലയിലും, നമ്മുടെ സംസ്ഥാനവുമായി ദ്വീപ് സമൂഹത്തിനുള്ള ബന്ധവും പരിഗണിച്ച് ഇവിടെ നിന്നുള്ള ചരക്കുനീക്കം കാലക്രമത്തിൽ പഴയപോലെയാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുള്ള ഒരു മാസ്റ്റർ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്.<br><br>ബേപ്പൂർ തുറമുഖത്തിൽ കപ്പൽവഴിയുള്ള ചരക്കുനീക്കം നടത്തുന്നതിനാവശ്യമായ വാർഫ്, ക്രെയിനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാമുണ്ട്. നിലവിൽ ചില ഭാഗങ്ങളിൽ 3 മീറ്റർ മാത്രമാണ് ആഴമുള്ളത്. ഇത് 4.5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിന് 12.5 കോടി രൂപ ചെലവ് വരുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആദ്യ ടെണ്ടറിൽ യോഗ്യതയുള്ള ഒന്നിലധികം കരാറുകാർ ഇല്ലാത്തതിനാൽ റീടെണ്ടർ ചെയ്തിരിക്കുകയാണ്. പടിപടിയായി ആഴം 8 |

| | | | |
|---|---|---|---|
| | | | മീറ്ററായി വർദ്ധിപ്പിക്കാനും ആലോചനയുണ്ട്. ഇവിടെ ഒരു ബർത്ത് കൂടി നിർമ്മിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ നമ്മുടെ ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. അതിനു പര്യാപ്തമായ നിലയിൽ നമ്മുടെ ബേപ്പൂർ, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു വരികയാണ്. ഈ രംഗത്ത് കൂടുതൽ വൈദഗ്ധ്യമുള്ള റോട്ടർഡാം തുറമുഖ അധികൃതരുമായി ചർച്ചകൾ നടത്തുന്നുണ്ട്. |
| (ബി) | എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ലക്ഷദ്വീപിലേയ്ക്ക് ഇന്ധനമടക്കമുള്ള പ്രധാന ചരക്കുകളെല്ലാം ബേപ്പൂർ തുറമുഖത്തു നിന്നാണ് കയറ്റി അയച്ചിരുന്നത്. തുടർന്ന് ലക്ഷദ്വീപ് ഭരണകൂടം ആവശ്യപ്പെട്ടതു പ്രകാരം ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ബേപ്പൂരിൽ ഒരു ബർത്ത് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് അവരുമായി കരാറിലേർപ്പെടുകയുണ്ടായി. എന്നാൽ MoU ഒപ്പുവച്ചെങ്കിലും ബർത്ത് നിർമ്മാണത്തിൽ നിന്ന് ലക്ഷദ്വീപ് ഭരണകൂടം പിന്നോട്ടുപോയി. മാത്രമല്ല, ഇപ്പോൾ രാഷ്ട്രീയവും മറ്റുമുള്ള ചില കാരണങ്ങളാൽ ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം വളരെ കുറഞ്ഞിട്ടുണ്ട്. എന്നാലും ദ്വീപസമൂഹത്തോട് ഏറ്റവും അടുത്തുള്ള തുറമുഖം എന്ന നിലയിലും, നമ്മുടെ സംസ്ഥാനവുമായി ദ്വീപ് സമൂഹത്തിനുള്ള ബന്ധവും പരിഗണിച്ച് ഇവിടെ നിന്നുള്ള ചരക്കുനീക്കം കാലക്രമത്തിൽ പഴയപോലെയാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുള്ള ഒരു മാസ്റ്റർ പ്ലാനിന് രൂപം നൽകിയിട്ടുണ്ട്.<br><br>ബേപ്പൂർ തുറമുഖത്തിൽ കപ്പൽവഴിയുള്ള ചരക്കുനീക്കം നടത്തുന്നതിനാവശ്യമായ വാർഫ്, ക്രെയിനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാമുണ്ട്. നിലവിൽ ചില ഭാഗങ്ങളിൽ 3 മീറ്റർ മാത്രമാണ് ആഴമുള്ളത്. ഇത് 4.5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിന് 12.5 കോടി രൂപ ചെലവ് വരുന്ന ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും ആദ്യ ടെണ്ടറിൽ യോഗ്യതയുള്ള ഒന്നിലധികം കരാറുകാർ ഇല്ലാത്തതിനാൽ റീടെണ്ടർ |

| | | | |
|---|---|---|---|
| | | | ചെയ്തിരിക്കുകയാണ്. പടിപടിയായി ആഴം 8 മീറ്ററായി വർദ്ധിപ്പിക്കാനും ആലോചനയുണ്ട്. ഇവിടെ ഒരു ബർത്ത് കൂടി നിർമ്മിക്കുന്നതിന് ചെന്നൈ ഐ.ഐ.ടി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ നമ്മുടെ ചെറുകിട തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. അതിനു പര്യാപ്തമായ നിലയിൽ നമ്മുടെ ബേപ്പൂർ, വിഴിഞ്ഞം, കൊല്ലം, അഴീക്കൽ തുറമുഖങ്ങളെ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു വരികയാണ്. ഈ രംഗത്ത് കൂടുതൽ വൈദഗ്ധ്യമുള്ള റോട്ടർഡാം തുറമുഖ അധികൃതരുമായി ചർച്ചകൾ നടത്തുന്നുണ്ട്. |
| (സി) | ആലപ്പുഴ തുറമുഖത്തെ മികച്ച മറൈനായും സമുദ്ര വിനോദസഞ്ചാര കേന്ദ്രമായും വികസിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സാധ്യതാ റിപ്പോർട്ടിന്റെ വിശദാംശം അറിയിക്കാമോ? | (സി) | ആലപ്പുഴ തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണത്തിനും തുറമുഖത്തെ മറീനയായി വികസിപ്പിക്കുന്നതിനുമായി പ്രൊപ്പോസൽ തയ്യാറാക്കു ന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (CMD) തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിയോഗിച്ചിരുന്നു. CMD തിരുവനന്തപുരം 500 കോടി രൂപയുടെ വികസന പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br><br>നിലവിൽ തയ്യാറാക്കിയിരിക്കുന്ന 500 കോടി രൂപയുടെ പ്രോജക്ട് സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാകയാൽ മുസരീസ് പ്രോജക്ടിന്റെ ഭാഗമായി ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ആലപ്പുഴ കടൽപ്പാല ത്തിന്റെ പണി **പൂർത്തിയായി വരുന്ന മുറയ്ക്ക് അതിനു സമാന്തരമായി 30 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലും ഒരു വാർഫ് പണിയാനും പ്രസ്തുത വാർഫിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടത്തിൽ ഈ വാർഫ് എക്സ്റ്റൻഡ് ചെയ്ത് വീണ്ടും രണ്ട് വാർഫുകൾ കൂടി കണക്ട് ചെയ്ത് ഒരു മറീന വികസിപ്പിക്കുന്ന വിഷയം** മാരിടൈം ബോർഡ് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ